**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5631** **24-03-2025 - ൽ മറുപടിയ്ക്ക്**

**വനിതാ സംരംഭക പ്രദർശന വിപണന മേള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം വനിതാ വികസന കോർപ്പറേഷൻ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | (എ) 181 വിമൻ ഹെൽപ്പ് ലൈൻ സെന്റർ, വനമിത്ര, ആർത്തവ ശുചിത്വ പരിപാലന പദ്ധതി (She pad & MHM) എം കപ്പ്, ബോധ്യം, സേഫ് സ്റ്റേ, പ്രോജക്ട് കൺസൾട്ടൻസി വിംഗ്, പ്രതിഭ-Future Women Leaders Grooming Program, Smile Kerala വായ്പാ പദ്ധതി എന്നിവയാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന വനിതാ വികസന കോപ്പറേഷൻ നടപ്പിലാക്കിയ പുതിയ പദ്ധതികൾ. |
| (ബി) | 2025 ഫെബ്രുവരി മാസം തിരുവനന്തപുരത്ത് നടത്തിയ വനിതാ സംരംഭക പ്രദർശന വിപണന മേളയ്ക്കായി എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | (ബി) 2025 ഫെബ്രുവരി 27 മുതൽ മാർച്ച് 3 വരെ തിരുവനന്തപുരത്ത് നടന്ന വനിതാ സംരംഭക പ്രദർശന വിപണനമേളയ്ക്ക് 75 ലക്ഷം രൂപ ചെലവ് വന്നതായി കണക്കാക്കുന്നു. |
| (സി) | പ്രസ്തുത മേളയിൽ വനിതകൾ പുതുതായി എത്ര പദ്ധതികൾ അവതരിപ്പിച്ചുവെന്ന് വിശദമാക്കാമോ; | (സി) | (സി) മേളയിൽ പങ്കെടുത്ത വനിതകളിൽ 25% പേർ നൂതന ഉത്പന്നങ്ങൾ അവതരിപ്പിച്ചു. മേളയുടെ ഭാഗമായി നടത്തിയ നവാംഗന 2025ൽ നവീനമായ ബിസിനസ്സ് ആശയങ്ങൾ ഏഴ് വനിതകൾ അവതരിപ്പിച്ചു. |
| (ഡി) | വനിതാ വികസന കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്ര വീതമാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ? | (ഡി) | (ഡി) വനിതാ വികസന കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ജില്ല** | **എണ്ണം** |
|---|---|
| **സ്ഥിരം ജീവനക്കാർ** | |
| തിരുവനന്തപുരം | 6 |
| എറണാകുളം | 2 |
| കോഴിക്കോട് | 4 |
| **ആകെ** | **12** |
| **കരാർ/ ദിവസവേതന ജീവനക്കാർ** | |
| തിരുവനന്തപുരം | 63 |
| കൊല്ലം | 1 |
| കോട്ടയം | 1 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 1 |
| ഇടുക്കി | 1 |
| എറണാകുളം | 18 |
| പാലക്കാട് | 1 |
| തൃശ്ശൂർ | 4 |
| കോഴിക്കോട് | 15 |
| വയനാട് | 3 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 1 |
| മലപ്പുറം | 1 |
| **ആകെ** | **121** |

സെക്ഷൻ ഓഫീസർ